# കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ

ഹാജർ : ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ബഹു. ചെയർപേഴ്സൺ

**എച്ച്. ആർ.എം.പി നമ്പർ :7202/11/12/2023/TVM**

പരാതികക്ഷി : വി. സുധീശൻ, സുദർശന വിലാസം, ജയ്ഹിന്ദ്
ശിവപാർവതി, കിഴുവിലം പി.ഒ ആറ്റിങ്ങൽ
തിരുവനന്തപുരം

എതിർകക്ഷി

**ഉത്തരവ് തീയതി : 09.06.2025**

ആറ്റിങ്ങൽ പോസ്റ്റ് ഓഫീസിനു സമീപം NH നോടനുബന്ധിച്ച് പോകുന്ന RNPലൈനിലെ വെള്ളക്കെട്ട് കാരണം പൊതുജനങ്ങൾ ബുദ്ധിമുട്ടുന്നുവെന്നും മറ്റുമാണ് പരാതി.

2. ആറ്റിങ്ങൽ നഗരസഭ സെക്രട്ടറി 04.01.2024 ലെ റിപ്പോർട്ട് ഫയൽ ചെയ്തു. ടി ഭാഗത്തെ വെള്ളം നാഷണൽ ഹൈവേയുടെ (എൻ.എച്ച്) ഓടയിലേയ്ക്ക് ഒഴുക്കി വിട്ടാൽ മാത്രമേ വെള്ളക്കെട്ട് ഒഴിവാക്കാൻ കഴിയുകയുള്ളൂവെന്നും എന്നാൽ നാഷണൽ ഹൈവേയുടെ ഓട കോൺക്രീറ്റ് ചെയ്ത് കവറിംഗ് സ്ലാബ് ഇട്ട് അടച്ച അവസ്ഥയിലായതിനാൽ ടി ഭാഗം പൊട്ടിക്കേണ്ടതുണ്ടെന്നും ആയതിനുള്ള അനുമതിക്കായി പി.ഡബ്ല്യു.ഡി എൻ.എച്ച് ഡിവിഷൻ തിരുവനന്തപുരം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് 17.08.2022, 20.10.2023 തീയതികളിൽ രണ്ട് കത്തുകൾ നൽകിയിരുന്നെങ്കിലും മറുപടി, ലഭ്യമായിട്ടില്ലെന്നും കൂടാതെ 2024-25 വാർഷിക പദ്ധതിയുൾപ്പെടുത്തി ടി റോഡ് പുനരുദ്ധാരണം ചെയ്യുന്നതിനുള്ള നടപടിസ്വീകരിക്കുന്ന താണെന്നാണ് റിപ്പോർട്ട്.

3. കമ്മീഷൻ മുമ്പാകെ ഹാജരാകാൻ ആവശ്യപ്പെട്ട് നോട്ടീസയച്ചെങ്കിലും പരാതികക്ഷി ഹാജരായിട്ടില്ല. റിപ്പോർട്ടിനെതിരെ ആക്ഷേപവും സമർപ്പിച്ചിട്ടില്ല. നാഷണൽ ഹൈവേയുടെ ഓട കോൺക്രീറ്റ് ചെയ്ത് കവറിംഗ് സ്ലാബ് ഇട്ട് അടച്ച ഭാഗം പൊട്ടിക്കേണ്ട അനുമതിക്കായി പി.ഡബ്ല്യു.ഡി എൻ.എച്ച് ഡിവിഷൻ തിരുവനന്തപുരം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകിയെങ്കിലും ലഭ്യമായിട്ടില്ലെന്നു നഗരസഭ റിപ്പോർട്ട് ചെയ്തിരിക്കുന്ന സാഹചര്യത്തിൽ ഈ ഉത്തരവിന്റെ പകർപ്പ് കിട്ടി രണ്ടാഴ്ചക്കുള്ളിൽ Executive Engineer, PWD NH Division, Thiruvananthapuram ഒരു Assistant Executive Engineer റെ നിയോഗിച്ച് സ്ഥല പരിശോധന നടത്തി ആവശ്യമായ അനുമതി നഗരസഭക്ക് നൽകണം. Executive Engineer ടെ അനുമതി കിട്ടി ഒരു മാസത്തിനുള്ളിൽ നഗരസഭ സെക്രട്ടറി പ്രശ്നത്തിന് ശാശ്വത പരിഹാരമുണ്ടാക്കി പരാതി പരിഹരിക്കണം. മേൽപ്പറഞ്ഞ നിർദ്ദേശങ്ങളോടെ ഈ പരാതി കമ്മീഷൻ തീർപ്പാക്കുന്നു. ഹർജിക്കാരനും Executive Engineer, PWD NH Division, Thiruvananthapuram നും തിരുവനന്തപുരം നഗരസഭ സെക്രട്ടറിക്കും ഈ ഉത്തരവിന്റെ പകർപ്പ് അയക്കുക.

(ഒപ്പ്)
ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

(ശരിപ്പകർപ്പ്)

രജിസ്ട്രാർ.